സബ്സിഡി ഇനത്തിൽ ലഭ്യമായ 31.5 കോടി രൂപ ഒഴിച്ച് മറ്റു തുകകളൊന്നും തന്നെ ബോർഡിന് സബ്സിഡിയായി ലഭിച്ചിട്ടില്ല. ബോർഡിന് ലഭിക്കേണ്ട സബ്സിഡി തുക ഒഴിവാക്കിയാൽ ഉണ്ടാകുന്ന നഷ്ടം ഓരോ വർഷവും ചുവടെ ചേർക്കുന്നു.

വർഷം	നഷ്ടം
1996-97	222.53 കോടി രൂപ
1997-98	285.05 കോടി രൂപ

(സി) 1991-92 മുതൽ 1995-96 വരെയുള്ള ബോർഡിന്റെ വാർഷിക കണക്കുകൾ പ്രകാരം ബോർഡിനുണ്ടായ ലാഭനഷ്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ലാഭം	നഷ്ടം
1991-92		35.67 കോടി രൂപ
1992-93	18.42 കോടി രൂപ	
1993-94	24.12 കോടി രൂപ	
1994-95	21.80 കോടി രൂപ	
1995-96	22.76 കോടി രൂപ	

1994-95-ൽ 8.56 കോടി രൂപയും, 1995-96-ൽ 58.3 കോടി രൂപയും സബ്സിഡി ഇനത്തിൽ ലഭ്യമാകുമെന്നുള്ള നിഗമനത്തിലാണ് മേൽപ്പറഞ്ഞ ലാഭം കണക്കാക്കിയിരുന്നത്.

(ഡി) സർക്കാർ തലത്തിൽ പ്രത്യേക പഠനമൊന്നും നടത്തിയിട്ടില്ല.

147 (1691) വൈദ്യുതി ബോർഡിന്റെ വിദേശ കടം

ശ്രീ. ബി. വിജയകുമാർ :

ശ്രീ. കെ.എ. ചന്ദ്രൻ :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ക്ക് 1999 ജൂൺ 15 വരെയുള്ള കാലയളവിൽ എത്ര കോടി രൂപയുടെ വിദേശനാണ്യ കടം ഉണ്ട്;

(ബി) ഏതൊക്കെ ഇനങ്ങളിൽ ഏതൊക്കെ പദ്ധതികൾക്ക് ഏതെല്ലാം ഏജൻസികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നുമാണ് കടമെടുത്തിരിക്കുന്നത്; ഇവ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇവ ഓരോന്നും തിരിച്ചടയ്ക്കേണ്ട രീതിയും കാലാവധിയും വ്യക്തമാക്കുമോ;

(ഡി) ഈ കടങ്ങളുടെ കാലാവധി തീരുന്നതുവരെ ഓരോ മാസവും വർഷവും ഓരോ ഇനത്തിലും തിരിച്ചുനൽകേണ്ട തുകയും പലിശയും എത്ര വീതം എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. ബ്രഹ്മപുരം ഡീസൽ വൈദ്യുതി നിലയം - 265731387.12 ഫ്രഞ്ച് ഫ്രാങ്ക് (ഉദ്ദേശം 186.02 കോടി രൂപ)

2. കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതി - യു.എസ്സ്. ഡോളർ 16672026.67 (ഉദ്ദേശം 71.12 കോടി രൂപ)

3. പള്ളിവാസൽ, ചെങ്കുളം, പന്നിയാർ പദ്ധതികളുടെ നവീകരണം, യു.എസ്. ഡോളർ 8996005.3 (ഉദ്ദേശം 38.38 കോടി രൂപ) യുമാണെന്നാണ് ബോർഡ് അറിയിച്ചിട്ടുള്ളത്.

(ബി)

	പദ്ധതി ഇനം	കടം തന്ന സ്ഥാപനം
1.	ബ്രഹ്മപുരം ഡീസൽ വൈദ്യുതി നിലയം സ്ഥാപിക്കാനായി ഉപകരണ സമാഹരണത്തിനും സേവനത്തിനും വേണ്ടി	ഫ്രഞ്ച് ബാങ്കായ ക്രെഡിറ്റ് ലയോണി
2.	കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതി	എക്സ്പോർട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, കാനഡ.
3.	പള്ളിവാസൽ, ചെങ്കുളം, പന്നിയാർ പദ്ധതികളുടെ നവീകരണം	എക്സ്പോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ, കാനഡ.

(സി) 1. ബ്രഹ്മപുരം, ഡീസൽ വൈദ്യുതി നിലയത്തിനു വേണ്ടിയുള്ള കടം - 26.6.1999 മുതൽ 26.12.2009 വരെയുള്ള അർദ്ധവാർഷിക ഗഡുക്കളായിട്ടാണ് തിരിച്ചടയ്ക്കേണ്ടത്.

2. കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിക്കുവേണ്ടിയുള്ള കടം - 17 തുല്യ അർദ്ധവാർഷിക തുടർതവണകളായി 2000 ഏപ്രിൽ 15 മുതൽ തിരിച്ചടയ്ക്കണം.

3. പള്ളിവാസൽ, ചെങ്കുളം, പന്നിയാർ പദ്ധതികൾക്കുവേണ്ടിയുള്ള കടം - 17 തുല്യ അർദ്ധവാർഷിക തുടർ തവണകളായി 2001 ഒക്ടോബർ 15 മുതൽ തിരിച്ചടയ്ക്കണം.

(ഡി) ബ്രഹ്മപുരം ഡീസൽ നിലയത്തിനുവേണ്ടിയുള്ള കടത്തിന്റെ കാര്യത്തിൽ കടം ഇനത്തിൽ തിരിച്ചു നൽകേണ്ട തുകയും അതിന്റെ പലിശയുടെ കണക്കും അനുബന്ധമായി വച്ചിട്ടുണ്ട്.†

കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിക്കുവേണ്ടിയുള്ള വായ്പയും പള്ളിവാസൽ, ചെങ്കുളം, പന്നിയാർ പദ്ധതികൾക്കുവേണ്ടിയുള്ള വായ്പയും ഇനിയും പൂർണ്ണമായി കിട്ടിക്കഴിഞ്ഞിട്ടില്ല. ഇതു സംബന്ധമായി 'എ' വിഭാഗത്തിൽ കൊടുത്തിരിക്കുന്ന തുകകൾ 15.6.1999 വരെ കൈപ്പറ്റിയതുമാത്രമാകുന്നു. വായ്പകൾ പൂർണ്ണമായി ലഭിച്ചിട്ടില്ലാത്തതിനാൽ, മുതലിനത്തിലും പലിശയിനത്തിലും അടയ്ക്കേണ്ട തുകകളുടെ കണക്കുകൾ കൃത്യമായി ഇപ്പോൾ പറയുവാൻ നിർവാഹമില്ല. പലിശ ഇതുവരെ ലഭിച്ച തുകകൾക്ക് അർദ്ധവാർഷികമായിട്ട് അടച്ചുവരുന്നു. കുറ്റ്യാടി പദ്ധതിക്കുവേണ്ടി കടത്തിന്റെ പലിശ ഓരോ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വർഷവും മേയ്, നവംബർ മാസങ്ങളിൽ കൊടുത്തുവരുന്നു. പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ പദ്ധതികൾക്കുവേണ്ടിയുള്ള വായ്പയുടെ പലിശ ഏപ്രിൽ-ഒക്ടോബർ മാസങ്ങളിൽ കൊടുത്തുവരുന്നു.

148 (1692) ലോഡ് ഷെഡ്ഡിംഗ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ബാലറാം :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള അരമണിക്കൂർ ലോഡ്ഷെഡ്ഡിംഗ് നടപ്പാക്കിയതെന്നാണ്;

(ബി) അരമണിക്കൂർ ലോഡ് ഷെഡ്ഡിംഗ്കൊണ്ട് എത്ര മെഗാവാട്ട് വൈദ്യുതിയുടെ ലാഭം ഉണ്ടാകും;

(സി) കെ.എസ്.ഇ.ബി. യുടെ ലോഡ് ഡെസ്പാച്ച് സെന്റർ ലോഡ് ഷെഡ്ഡിംഗ് പിൻവലിക്കാമെന്ന് ബോർഡിനെ അറിയിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്മേൽ കൈക്കൊണ്ട നടപടിയെന്തെല്ലാം?

ഉത്തരം

(എ)&(ബി) 7.1.1996 മുതൽ ഇപ്പോൾ നിലവിലുള്ള ലോഡ്ഷെഡിംഗ് കൊണ്ട് (ജില്ലാ ആസ്ഥാനങ്ങളൊഴികെയുള്ള സ്ഥലങ്ങളിൽ) വൈദ്യുതിയുടെ ഉപയോഗത്തിൽ ഏകദേശം 50 മെഗാവാട്ടിന്റെ കുറവുണ്ടാകും.

(സി)&(ഡി) സംസ്ഥാനത്ത് പുതുതായി പല വൈദ്യുത പദ്ധതികളും നിലവിൽ വന്നതുമൂലം ഉൽപാദനവും ലഭ്യതയും കണക്കിൽ എടുക്കുമ്പോൾ മൺസൂൺ കാലത്ത് ഉപഭോഗത്തിൽ കുറവ് വരുന്നതിനാൽ ലോഡ് ഷെഡിംഗ് പിൻവലിക്കാനുള്ള സാഹചര്യമാണ് നിലവിൽ വന്നിരിക്കുന്നത്. എന്നാൽ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ഇപ്പോൾ നിലവിലുള്ള പ്രസരണ വിതരണ ശൃംഖലയിലുള്ള പരിമിതികൾമൂലം (ലൈൻ ഓവർ ലോഡിംഗ്, ട്രാൻസ്ഫോർമർ ഓവർ ലോഡിംഗ്) പീക്ക് ലോഡ് സമയത്ത് എല്ലായിടത്തും തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കാൻ പ്രയാസമാണ്. ഈ വസ്തുതയാണ് ലോഡ് ഡെസ്പാച്ച് സെന്റർ ബോർഡിനെ അറിയിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ പൊതു അവധി ദിവസങ്ങളിൽ ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കാൻ തീരുമാനിച്ച് ബോർഡ് ഉത്തരവായിട്ടുണ്ട്.

149 (1693) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 1966-ലെ ജനറൽ താരിഫ് റഗുലേഷൻ ഭേദഗതി

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 1966-ലെ ജനറൽ താരിഫ് റെഗുലേഷൻ എത്ര പ്രാവശ്യം ഭേദഗതി ചെയ്തിട്ടുണ്ടെന്നും ഏതെല്ലാം തീയതികളിലാണ് ഭേദഗതി ചെയ്തതെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly